പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2737 6/11/2019 ൽ മറുപടിക്ക്

**മൃഗസംരക്ഷണ പരിപാലനവും പ്രവർത്തനങ്ങളും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.വി. അൻവർ:<br>ശ്രീ. കെ. ബാബു<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.പി.ടി.എ. റഹീം | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി). |

| | | | |
|---|---|---|---|
| എ) | മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ വഴി കൈവരിച്ച നേട്ടത്തെക്കുറിച്ച് വ്യക്തമാക്കാമോ; | എ) | ക്രോസ് ബ്രീഡിംഗ് പദ്ധതി, കന്നുകാലി വികസന പദ്ധതി, കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി പദ്ധതി എന്നിവ നടപ്പാക്കുന്നതിലൂടെ മൃഗസമ്പത്ത് വർദ്ധിച്ചിട്ടുണ്ട്. **2019** ൽ നടത്തിയ കന്നുകാലി സെൻസസ് പ്രകാരം പശുക്കളുടെയും മറ്റ് പക്ഷിമൃഗാദികളുടെയും എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| ബി) | മൃഗചികിത്സയ്ക്കായി ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ ; രാത്രികാല അടിയന്തര മൃഗചികിത്സയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | സംസ്ഥാനത്ത് മൂന്ന് തലത്തിലുള്ള മൃഗാരോഗ്യപരിപാലന സംവിധാനമാണുള്ളത്. പഞ്ചായത്ത് തലത്തിൽ 215 വെറ്ററിനറി ആശുപത്രികളും 885 വെറ്ററിനറി ഡിസ്പെൻസറികളും താലൂക്ക്തലത്തിൽ 50 വെറ്ററിനറി പോളീക്ലിനിക്കുകളും ജില്ലാ തലത്തിൽ 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളും പ്രവർത്തിച്ച് വരുന്നുണ്ട്. ഇവ കൂടാതെ മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, സഞ്ചരിക്കുന്ന മൃഗാശുപത്രികൾ, ജില്ലാതല ക്ലിനിക്കൽ ലാബുകൾ, സംസ്ഥാനതല മുഖ്യരോഗ നിർണ്ണയ കേന്ദ്രം, 3 പ്രാദേശിക രോഗ നിർണ്ണയ ലബോറട്ടറികൾ, സംസ്ഥാനതല വന്ധ്യതാ നിവാരണ ഓഫീസ്, സാംക്രമിക രോഗ വിശകലന യൂണിറ്റ്, കന്നുകാലി ഉൽപ്പന്ന പരിശോധന ലബോറട്ടറി, അതിർത്തി ചെക്ക് പോസ്റ്റുകൾ എന്നിവയും ഉൾപ്പെടുന്നു.<br><br>രാത്രികാല അടിയന്തര മൃഗചികിത്സക്കായുള്ള പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ കർഷകർക്ക് അവരുടെ വീട്ടുപടിക്കൽ മൃഗചികിത്സ ലഭ്യമാക്കുന്ന ഈ |

| | | | |
|---|---|---|---|
| | | | പദ്ധതി നിലവിൽ സംസ്ഥാനത്തെ 105 ബ്ലോക്കുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി) | കന്നുകാലി സമ്പത്തിന്റെ 95% വരുന്ന വിദേശ സങ്കരയിനങ്ങളുടെ പരിപാലന ചെലവും രോഗാതുരതയും വർദ്ധിച്ച തോതിലായതിനാൽ നാടൻ ഇനങ്ങളുടെ വ്യാപനത്തിനു കൂടി സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകുന്നതിന് പദ്ധതിയുണ്ടോ; | സി) | നാടൻ പശുക്കളെ വളർത്തുന്ന കർഷകർക്ക് സംസ്ഥാന സർക്കാർ സാമ്പത്തികമായി പ്രത്യേക സഹായം നൽകുന്നില്ല. എന്നാൽ സാങ്കേതിക സഹായം നൽകി വരുന്നു. കേരളത്തിന്റെ തനത് നാടൻ ഇനങ്ങളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയുടെ വിത്തുകാളകൾ കെ.എൽ.ഡി. ബോർഡിന്റെ ബുൾ സ്റ്റേഷനുകളിൽ ലഭ്യമാണ്. ഇവയുടെ ഗാഢശീതീകരിച്ച ബീജം നാടൻ പശുക്കളെ വളർത്തുന്ന കർഷകരുടെ ആവശ്യാനുസരണം മൃഗസംരക്ഷണ വകുപ്പിന്റെ മൃഗാശുപത്രികളിലും, കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ വഴിയും സൗജന്യമായി നൽകി വരുന്നു. അതാത് തനത് ജനുസ്സുകളിൽപ്പെട്ട പശുക്കളിൽ മാത്രം ഈ ബീജം ഉപയോഗിക്കുവാൻ ഫീൽഡ് തലത്തിൽ ഉദ്യോഗസ്ഥർക്ക് മൃഗസംരക്ഷണ-വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. നാടൻ ജനുസ്സുകളായ ഗിർ, വെച്ചൂർ, സഹിവാൾ എന്നിവയിൽ നിന്നും കൂടുതൽ കുട്ടികളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്നതിനായി ഭ്രൂണമാറ്റ പദ്ധതി കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയിൻകീഴിൽ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് (കെ.എൽ.ഡി.ബി) നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. |
| ഡി) | ഇറച്ചിക്കോഴി കൃഷിയിലും വിപണിയിലും ഗുണമേന്മയും വിലനിയന്ത്രണവും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് കുടുംബശ്രീ, കെപ്കോ, ബ്രഹ്മഗിരി, എം.പി.ഐ എന്നിവയുമായി സഹകരിച്ച് നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ? | ഡി) | ഇറച്ചിക്കോഴി കൃഷിയിലും വിപണിയിലും ഗുണമേന്മയും വിലനിയന്ത്രണവും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ്, കേരള പൗൾട്രി ഡെവലപ്പ്മെന്റ് കോർപറേഷൻ (കെപ്കോ), കുടുംബശ്രീ, ബ്രഹ്മഗിരി, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ( എം.പി.ഐ) എന്നിവയുമായി സഹകരിച്ച് കേരള ചിക്കൻ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തിരുവനന്തപുരംജില്ലയിൽ 14 ഉം, കൊല്ലം ജില്ലയിൽ 12ഉം പത്തനംതിട്ട ജില്ലയിൽ 4ഉം യൂണിറ്റുകൾ വീതം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെപ്കോ ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ 40 രൂപ നിരക്കിൽ യൂണിറ്റുകൾക്ക് നൽകുന്നു. 40-45 ദിവസം പ്രായവും രണ്ട് കിലോ ഭാരവുമാകുമ്പോൾ അവയെ കിലോയ്ക്ക് 95/-രൂപ നിരക്കിൽ കെപ്കോ തന്നെ തിരിച്ചെടുത്ത് സ്വന്തം പ്ലാന്റിൽ പ്രോസസ് ചെയ്ത് ചിക്കൻ ഉത്പാദിപ്പിക്കുന്നതാണ്. മരുന്നുകളുടെ |

| | | | |
|---|---|---|---|
| | | | ഉപയോഗം, വാക്സിനേഷൻ എന്നിവ മൃഗസംരക്ഷണ വകുപ്പ് മോണിറ്ററിംഗ് ചെയ്യുന്നതാണ്. സംസ്ഥാനത്തെ ഇറച്ചിക്കോഴി വിപണിയുടെ 20% കൈവരിക്കുവാൻ ലക്ഷ്യമിട്ട് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.<br><br>കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി നിലവിൽ 800 ബ്രോയിലർ ഫാമുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ കെപ്കോ 53 യൂണിറ്റുകളിൽ കോഴികുഞ്ഞുങ്ങളെ നൽകുകയും വളർച്ച പൂർത്തിയാകുമ്പോൾ തിരിച്ചെടുക്കുകയും ചെയ്യുന്നു. വിലസ്ഥിരത ഇല്ലായ്മയാണ് ബ്രോയിലർ കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളി. ഇത് പരിഹരിക്കുന്നതിനായി കുടുംബശ്രീ ഉത്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുവേണ്ടി കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്നപേരിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ച് തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ പേരന്റ് പക്ഷികൾ മുതൽ (ബ്രീഡർ സ്റ്റോക്ക്), ഹാച്ചറികൾ, മാംസ സംസ്കരണത്തിനുള്ള അബറ്റോയറുകൾ, കോഴി മാലിന്യം സംസ്കരിക്കുന്നതിനുള്ള റെൻഡറിങ് പ്ലാന്റുകൾ, കോഴിയിറച്ചി ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടെയുള്ള സമ്പൂർണ്ണമായ ഉൽപ്പാദന വിപണന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. എറണാകുളം, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ 59 ബ്രോയിലർ ഫാമുകൾ കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഇന്റഗ്രേഷൻ സംവിധാനത്തിലൂടെ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ